LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി, കക്കട്ടിൽ ടൗണുകളുടെ നവീകരണ പ്രവൃത്തി

10(2366) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, കക്കട്ടിൽ ടൗണുകളുടെ നവീകരണ പ്രവൃത്തികൾക്ക് കരാർ വച്ചെങ്കിലും ഇതുവരെ നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മതിയായ കാരണമില്ലാതെ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി നടപ്പിലാക്കാതെ വരുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് എത്രയും വേഗം പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളുണ്ട് എന്നറിയിക്കാമോ?

മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരിക്കുകയാണെങ്കിൽ പിഴയോടുകൂടി കാലാവധി നീട്ടി അനുവദിക്കാറുണ്ട്. എന്നാൽ ഈ കാലയളവിൽ തുടർന്നും മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടിയാണ് സ്വീകരിക്കാറുള്ളത്.

(സി) കരാറിന് വിരുദ്ധമായി പ്രവൃത്തി വൈകിക്കുന്ന കോൺട്രാക്ടർമാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും ഇത്തരം കരാറുകാരുടെ ലൈസൻസ് പുതുക്കുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തുന്നതെന്നും അറിയിക്കാമോ?

കരാറിന് വിരുദ്ധമായി പ്രവൃത്തി വൈകിപ്പിക്കുമ്പോൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്ത് പുനഃക്രമീകരിക്കുന്ന നടപടിയാണ് സ്വീകരിക്കാറുള്ളത്. ആവശ്യമെങ്കിൽ ലൈസൻസ് പുതുക്കാതിരിക്കുക, എസ്.ബി.ഡി. പൊതുമരാമത്ത് മാന്വൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കാറുണ്ട്.

(ഡി) കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന പക്ഷം റിസ്ക് ആൻഡ് കോസ്റ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി വീണ്ടും പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിസ്ക് ആൻഡ് കോസ്റ്റ് നടപടിക്രമങ്ങളുടെ കാലതാമസം കുറയ്ക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്നറിയിക്കാമോ?

കരാറുകാരൻ നടപടിക്കെതിരെ കോടതിയെ സമീപിച്ചാൽ മാത്രമേ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്ക് കാലതാമസം നേരിടുകയുള്ളൂ.

(ഇ) പ്രസ്തുത ടൗൺ നവീകരണപ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

കുറ്റ്യാടി നവീകരണ പ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്യുന്ന കാര്യം പരിശോധനയിലാണ്. നടപടി ക്രമങ്ങൾ പൂർത്തിയായാലുടൻതന്നെ പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് പണി പുനരാരംഭിക്കാവുന്നതാണ്. കക്കട്ടിൽ ടൗൺ നവീകരണം അനിശ്ചിതമായി നീണ്ടതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിച്ചിരുന്നു. എന്നാൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് സമയം ആവശ്യമായതിനാൽ കരാറുകാരന് ഒരവസരംകൂടി നൽകാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ 24-7-2021-ന് പ്രവൃത്തി പുനരാരംഭിക്കുകയുണ്ടായി.

മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

11(2367) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2018-19 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് എഫ്.ഡി.ആർ. ഫണ്ട് വകയിരുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ആയതിൽ ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക, ഭരണാനുമതി നൽകിയ തീയതി, സാങ്കേതികാനുമതി നൽകിയ തീയതി എന്നീ വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിനകം സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

12(2368) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അറ്റകുറ്റപ്പണി, റീ-ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ, അഴുക്കുചാൽ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് നിലവിൽ ഏതെല്ലാം പ്രൊപ്പോസലുകളാണുള്ളതെന്നും പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly